(ഡി) പാലം പണിക്കുള്ള ടെന്ററുകൾ ലഭിച്ച് ബാക്കി നടപടിക്രമങ്ങളും പൂർത്തിയാക്കി പണി ആരംഭിച്ച് കഴിഞ്ഞാൽ മാത്രമേ പണി പൂർത്തിയാകുന്ന ഏകദേശ തീയതി പറയാൻ കഴിയുകയുള്ളൂ.

കടലുണ്ടിക്കടവ് പാലം നിർമ്മാണത്തിന്റെ പുരോഗതി

90 (3731) ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കടലുണ്ടിക്കടവ് പാലം നിർമ്മാണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഈ പാലം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കടലുണ്ടിക്കടവ് പാലത്തിന്റെ നിർമ്മാണം പുരോഗതിയിലാണ് മൊത്തം പന്ത്രണ്ടു തൂണുകളും രണ്ട് അബട്ട്മെന്റുകളും ഉള്ളതിൽ കരയിലുള്ള മൂന്നു തൂണുകളുടേയും രണ്ട് അബട്ട്മെന്റുകളുടേയും ഫൗണ്ടേഷൻ പണി നടന്നുവരുന്നു. ബാക്കി തൂണുകൾക്കു വേണ്ടി ബോർഡ് പൈൽ ഫൗണ്ടേഷൻ പ്രവൃത്തിയും ആരംഭിച്ചിട്ടുണ്ട്.

(ബി) 2001-ൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

കല്ലുമട - കല്ലുങ്കത്രി റോഡിൽ പുത്തൻതോട് പാലത്തിന്റെ നിർമ്മാണം

91 (3732) ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ കല്ലുമട - കല്ലുങ്കത്രി റോഡിൽ പുത്തൻതോട് പാലത്തിന്റെ നിർമ്മാണം 1996-ൽ പൂർത്തിയായിട്ട് ഇതുവരെ ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടില്ലാ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാലം ഗതാഗതത്തിന് തുറന്നു കൊടുക്കാത്തതിന്റെ കാരണം അറിയിക്കാമോ ;

(സി) ഈ പാലത്തിന്റെ അപ്രോച്ച് റോഡുകൾ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് അറിയിക്കാമോ ;

(ഡി) പാലം പണി നടത്തിയ കോൺട്രാക്ടറുടെ തുക മുഴുവൻ കൊടുത്തു തീർത്തിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(എഫ്) അപ്രോച്ച് റോഡിന്റെ നിർമ്മാണ ജോലികൾ പൂർത്തിയാക്കി പാലം എന്നത്തേക്ക് തുറന്നു കൊടുക്കാൻ കഴിയും എന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത പാലത്തിൽകൂടി വാഹനങ്ങൾ കടന്നുപോകുന്നതിന് തടസ്സം ഇല്ല.

(ബി) ബാധകമല്ല.

(സി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിന്റെ താഴ്ന്നുപോയ ഭാഗങ്ങൾ നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) പ്രസ്തുത പാലത്തിന്റെ കരാറുകാരൻ ചില അനുബന്ധ ജോലികളുടെ സപ്ലിമെന്റൽ എഗ്രിമെന്റ് വയ്ക്കാത്തതാണ് കാരണം.

(എഫ്) അപ്രോച്ച് റോഡിന്റെ കേടുപാടുകൾ എത്രയും വേഗം തീർത്ത് ഗതാഗതം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുത്താട്ടുകുളം ടൗണിലുള്ള പാലത്തിന്റെ പണി

92 (3733) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ കുത്താട്ടുകുളം ടൗണിലുള്ള പാലത്തിന്റെ പണി എന്ന് ആരംഭിച്ചുവെന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ പണി എന്ന് പൂർത്തിയാക്കും ;

(സി) പാലം എന്നുമുതൽ ഗതാഗതത്തിന് തുറന്ന് കൊടുക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3-1-2000-ൽ ആരംഭിച്ചു

(ബി) 10-4-2000-ൽ പൂർത്തിയാവുമെന്ന് കരുതുന്നു.

(സി) പണി പൂർത്തിയാക്കുന്ന മുറയ്ക്ക് തുറന്നു കൊടുക്കുന്നതാണ്.

ഭവന നിർമ്മാണ രംഗത്തെ പുതിയ പദ്ധതികൾ

93 (3734) ശ്രീ. എ. കണാരൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. എം. പി. വർഗീസ് :
ശ്രീ. എം. എ. തോമസ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly